## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2589 07.10.2016-ലെ മറുപടിക്ക്

## നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ആൻസലൻ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര കെ.എസ്.ആർ.റ്റി.സി. ഡിപ്പോയിൽ നിന്നും നിറുത്തലാക്കിയ അന്തർസംസ്ഥാന സർവ്വീസുകൾ ഏതെല്ലാമാണ്; എന്ത് കാരണത്താലാണ് ഇവ നിറുത്തലാക്കിയത്; ഇവ എപ്പോൾ പുനസ്ഥാപിക്കാൻ കഴിയുമെന്നു വെളിപ്പെടുത്താമോ ; | (എ) | നെയ്യാറ്റിൻകര ഡിപ്പോയിൽ നിന്നും നിറുത്തലാക്കിയ അന്തർ സംസ്ഥാന സർവ്വീസുകൾ ചുവടെ ചേർക്കുന്നു.<br>1. തിരുവനന്തപുരം-നെയ്യാറ്റിൻകര-പേച്ചിപ്പാറ<br>2. തിരുവനന്തപുരം-നെയ്യാറ്റിൻകര-കുറുമ്പന - കുളച്ചൽ<br>3. തിരുവനന്തപുരം-നെയ്യാറ്റിൻകര-കുളച്ചൽ-മണ്ടേമാർക്കറ്റ്<br>4. തിരുവനന്തപുരം-നെയ്യാറ്റിൻകര-തേങ്ങാപട്ടണം<br>5. തിരുവനന്തപുരം-നെയ്യാറ്റിൻകര-അരുമന<br>6. തിരുവനന്തപുരം-നെയ്യാറ്റിൻകര-തൃപ്പരപ്പ്<br>ഇതിൽ തിരുവനന്തപുരം - നെയ്യാറ്റിൻകര - തൃപ്പരപ്പ് സർവ്വീസ് ഫാസ്റ്റ് പാസഞ്ചർ സർവ്വീസായി പാറശ്ശാല യൂണിറ്റിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ടി സർവ്വീസുകളെല്ലാം ഓർഡിനറി സർവ്വീസുകളായിരുന്നു. തമിഴ്നാട്ടിൽ ഓർഡിനറി സർവ്വീസുകളുടെ ചാർജ്ജ് വളരെ കുറവായിരുന്നതിനാൽ ടി സർവ്വീസുകൾക്ക് വരുമാനം തീരെ ലഭിക്കാതെ വരുകയും, 2008-ലെ അന്തർ സംസ്ഥാന കരാറിൽ ടി സർവ്വീസുകൾ ഒഴിവാക്കുകയുമാണുണ്ടായത്. പുതുതായി തമിഴ്നാടുമായി ഏർപ്പെടുന്ന അന്തർ സംസ്ഥാന കരാറിൽ ടി റൂട്ടുകൾ ഉൾപ്പെടുത്തി സംസ്ഥാന സർക്കാരുകൾ തമ്മിൽ അന്തിമ കരാർ ഒപ്പിട്ടു കഴിഞ്ഞാൽ മാത്രമേ ടി സർവ്വീസുകൾ പുനസ്ഥാപിക്കുവാൻ കഴിയുകയുള്ളു. |

| | | | |
|---|---|---|---|
| (ബി) | 109 സർവ്വീസുകൾ ഉള്ള കെ.എസ്. ആർ.ടി.സി നെയ്യാറ്റിൻകര ഡിപ്പോയിൽ നിലവിൽ കുറവുള്ള 15 ബസുകൾ എപ്പോൾ അനുവദിക്കാൻ കഴിയുമെന്നറിയിക്കാമോ; | (ബി) | പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് കുറവുള്ള ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.<br>നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ 10 നോൺ എ.സി ജൻറം ഉൾപ്പെടെ 114 ഷെഡ്യൂളുകളാണ് ഉള്ളത്. പ്രസ്തുത ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ഉൾപ്പെടെ 125 ബസുകളാണ് ആവശ്യമായിട്ടുള്ളത്. നിലവിൽ 10 ജൻറം ബസുകൾ ഉൾപ്പെടെ 104 ബസുകൾ ആണ് ഉള്ളത്. |
| (സി) | നെയ്യാറ്റിൻകര കെ.എസ്.ആർ. ടി.സി. ഡിപ്പോയിൽ നിന്നുമുള്ള ലാഭകരമായ ചെയിൻ സർവ്വീസുകൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | ബസ്സുകൾ ലഭിക്കുന്ന മുറയ്ക്ക് നെയ്യാറ്റിൻകരയിൽ നിന്നുമുള്ള ചെയിൻ സർവ്വീസുകൾ കാര്യക്ഷമമാക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ